**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ്മെന്റ് മീറ്റുകളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് തദ്ദേശസ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കി സംഘടിപ്പിച്ചിട്ടുള്ള ഇൻവെസ്റ്റ്മെന്റ് മീറ്റുകളുടെ പുരോഗതി വിലയിരുത്താനും പദ്ധതികൾ നടപ്പാക്കാനും വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ 2023 - 2024 സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, മറ്റു ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, നിലവിലുള്ള സംരംഭകർ, സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ എന്നിങ്ങനെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.<br><br>2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ **സംരംഭകവർഷം** പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ 2024-2025 സാമ്പത്തിക വർഷത്തിൽ നടത്തി വരുന്നു.<br><br>**സംരംഭകസഭയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ**<br><br>ഓരോ പഞ്ചായത്തിലും നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക. |

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകളുടെയും വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവത്കരണം നടത്തുക.<br><br>സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ (ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷ്വറൻസ് മുതലായവ) നിറവേറ്റുവാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, ഇൻഷ്വറൻസ് സേവന ദാതാക്കൾ എന്നിവരുമായി സഹകരിക്കുവാൻ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക.<br><br>സംരംഭകരിൽ നിന്നും പോളിസി നിർമാണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് എടുക്കുക.<br><br>പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട ഫീഡ്ബാക്കും നടപടികളും സ്വീകരിക്കുക.<br><br>സംരംഭകരുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾക്കായി, അതാത് വകുപ്പുകളുടെ പ്രതിനിധികൾ വകുപ്പ് തലത്തിലുള്ള ബോധവത്കരണം നടത്തുക.<br><br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് (LED പദ്ധതി), മാർക്കറ്റിംഗ് സഹായ പദ്ധതികൾ മുതലായവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുക.<br><br>സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പരിഹാര നടപടികളും നിർദേശങ്ങളും കണ്ടെത്തുവാൻ സംരംഭകരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും (KSEB, മൈനിങ് & ജിയോളജി, ലേബർ, പരിസ്ഥിതി, ICAI, ലീഡ് ബാങ്ക്, സഹകരണബാങ്ക്, മറ്റുബാങ്കുകൾ etc.) പ്രതിനിധികളും ഉദ്യോഗസ്ഥരുമായുള്ള ചർച്ച നടത്തുക.<br><br>K-SWIFT Acknowledgement, UDYAM റജിസ്ട്രേഷൻ എന്നിവ ലഭ്യമാക്കുവാൻ ഹെൽപ്ഡെസ്ക് സംവിധാനം രൂപീകരിക്കുക |
| (ബി) | ആയതിന്റെ ഏകോപനത്തിനായി പ്രത്യേക സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സംരംഭകസഭയുടെ ഏകോപനം, അവലോകനം എന്നിവ നടത്തുന്നതിനായി ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

1. <u>ജില്ലാ തല ഉപദേശക കമ്മിറ്റി</u>

അധ്യക്ഷൻ: ജില്ലയുടെ ചുമതലയുള്ള മന്ത്രി

കൺവീനർ: ജില്ലാ കളക്ടർ

അംഗങ്ങൾ:

1. സ്ഥലം എം. എൽ. എ.
2. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
3. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം.
4. ലീഡ് ബാങ്ക് മാനേജർ

കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും:

- A) ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സംരംഭക സഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാ വകുപ്പുകളുടെയും പൂർണ പിന്തുണ ഉറപ്പ് വരുത്തുക.

B) പ്രോഗ്രാം നടത്തിപ്പ് സംബന്ധിച്ച് ജില്ലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട നിർദേശങ്ങൾ നൽകുക

<u>2. ജില്ലാ തല ഏകോപന കമ്മിറ്റി</u>

അധ്യക്ഷൻ : ജില്ലാ കളക്ടർ

കൺവീനർ : ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

അംഗങ്ങൾ:

1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ജോയിന്റ് ഡയറക്ടർ, സഹകരണ വകുപ്പ്.
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറി
4. മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം
5. ലീഡ് ബാങ്ക് മാനേജർ

കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും:

1. പ്രോഗ്രാമിന്റെ ജില്ലാതല ഉൽഘാടനം സംഘടിപ്പിക്കുക.
2. പ്രോഗ്രാമിന്റെ ഉൽഘാടനത്തിനായി ജില്ലയിലെ ത്രിതല പഞ്ചായത്ത് തലത്തിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, KSEB, PCB, മൈനിങ് & ജിയോളജി, ലേബർ,

പരിസ്ഥിതി, വ്യവസായം മുതലായ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, ലീഡ് ബാങ്ക്, ഇൻഷുറൻസ് സേവന കമ്പനികളുടെ പ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

3. സംരംഭക സഭ പ്രോഗ്രാം നടത്തിപ്പ് സംബന്ധിച്ച് ജില്ലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനം ഉറപ്പാക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടുക
4. ജില്ലാ തലത്തിൽ പ്രോഗ്രാം മോണിറ്റർ ചെയ്യുക
5. പ്രോഗ്രാമിന്റെ വിജയകരമായ സംഘാടനത്തിനു വേണ്ട നടപടികൾ സ്വീകരിക്കുക
6. സംരംഭക സഭയുടെ ജില്ലാ തലത്തിൽ ഉള്ള അവലോകനം ചെയ്യുക.

3. <u>തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മോണിറ്ററിങ് കമ്മിറ്റി</u>

അധ്യക്ഷൻ: ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ

കൺവീനർ: ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർ (IEO)

അംഗങ്ങൾ:

1. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ
2. സി. ഡി. എസ് ചെയർപേഴ്സൺ
3. എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (EDE)
4. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്തുള്ള ലീഡിങ് ബാങ്ക് പ്രതിനിധി
5. കമ്മിറ്റിയുടെ പ്രവർത്തനത്തിന് അഭികാമ്യമായ, നോമിനേറ്റ് ചെയ്യുന്ന മറ്റു അംഗങ്ങൾ

കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും

1. പ്രോഗ്രാമിന്റെ തദ്ദേശ സ്ഥാപനതല ഉൽഘാടനം സംഘടിപ്പിക്കുക
2. സംരംഭകരുമായുള്ള ചർച്ചയിൽ പങ്കെടുക്കുവാൻ വേണ്ടി അതാതു വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തുക

3. ബന്ധപ്പെട്ട തദ്ദേശ സ്ഥാപന തലത്തിൽ പ്രോഗ്രാമിന് വേണ്ട പ്രചാരണം നൽകൽ
4. ബന്ധപ്പെട്ട മറ്റു വകുപ്പുകൾ, പ്രാദേശിക ബാങ്കുകൾ, ഇൻഷുറൻസ് സേവന കമ്പനികൾ എന്നിവയുടെ പ്രതിനിധികളെ സഹകരിപ്പിച്ച് ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷുറൻസ് മേളക്ക് നേതൃത്വം നൽകൽ
5. സംരംഭക സഭയുടെ വിജയകരമായ നടത്തിപ്പിന് വേണ്ട എല്ലാ സംവിധാനങ്ങളും ഒരുക്കുക
6. പ്രോഗ്രാമിന് ശേഷം അതിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക

സംരംഭക സഭയുടെ അവലോകനം : സംരംഭക സഭയുമായി ബന്ധപെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. സംരംഭക സഭയിൽ പങ്കെടുത്ത സംരംഭകരുടെ വിശദാംശങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുക.
2. പോളിസി രൂപീകരണത്തിന് സഹായകരമാകുന്ന നിർദേശങ്ങൾ ഏകോപിപ്പിച്ചു നൽകുക.
3. പ്രാദേശികമായി പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ഉടനെ പരിഹരിക്കുക.
4. സംരംഭക സഭയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച പ്രത്യേക നടപടികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരാമർശിക്കുക.
5. ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷുറൻസ് മേളയുടെ ഭാഗമായുള്ള വിവരങ്ങൾ ഏകോപിപ്പിച്ച് നൽകുക.

സെക്ഷൻ ഓഫീസർ